കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം - വിഭവ സമാഹരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. **2374**/2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 20.07.2010.

പരാമർശം:- 1) പാലക്കാട് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 07.06.2010-ലെ പി.ഐ.എസ്.എസ്/02/10 നമ്പർ കത്ത്.

2) പാലക്കാട് ഇൻഡോർ സ്റ്റേഡിയം സൊസൈറ്റി ഭാരവാഹികളുടെ 08.06.2010-ലെ പി.ഐ.എസ്.എസ്/02/10 നമ്പർ കത്ത്.

3) പാലക്കാട് ജില്ലാ കളക്ടറുടെ 14.06.2010-ലെ ആർ.ഡി3-1509 (3)/10 നമ്പർ കത്ത്.

4) പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 06.07.2010-ലെ കത്ത്.

## ഉത്തരവ്

പാലക്കാട് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എം.പി. ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങി വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിഹിതം സമന്വയിപ്പിച്ച് നടപ്പാക്കുന്ന ''ഇൻഡോർ സ്റ്റേഡിയം നിർമ്മാണം'' എന്ന പ്രവൃത്തിക്ക് പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും പ്രവർത്തന പരിധി വ്യത്യാസമെന്യേ തുക വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം 3 പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. ജില്ലാ കളക്ടറുടെയും ജനപ്രതിനിധികളുടെയും പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ''പാലക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം'' എന്ന പ്രവൃത്തിക്ക് ചുവടെ ചേർത്തിരിക്കുന്നത് പ്രകാരം വിഹിതം നൽകുവാൻ പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | - 125.00 ലക്ഷം രൂപ |
| പാലക്കാട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ | - 5.00 ലക്ഷം രൂപ വീതം |
| പാലക്കാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ | - 2.00 ലക്ഷം രൂപ |
| പാലക്കാട് മുനിസിപ്പാലിറ്റി | - 25.00 ലക്ഷം രൂപ |
| ഒറ്റപ്പാലം, ഷൊർണ്ണൂർ, ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റികൾ | - 10.00 ലക്ഷം രൂപ |

വിഹിതം നൽകുന്നതിന് വികസന ഫണ്ട് / തനത് ഫണ്ട് / ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും സേവന മേഖലയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജി.അൽഫോൻസ,
അഡിഷണൽ സെക്രട്ടറി.

ജില്ലാ കളക്ടർ, പാലക്കാട്.
സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ, പാലക്കാട്.
പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, പാലക്കാട്.
സെക്രട്ടറി, പാലക്കാട് ഇൻഡോർ സ്റ്റേഡിയം സൊസൈറ്റി, പാലക്കാട്.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ